# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1479 03.10 .2011ൽ മറുപടിയ്ക്ക്

## ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ സുരക്ഷാ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ ബെന്നി ബെഹനാൻ :<br>ശ്രീ ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ വി. പി. സജീന്ദ്രൻ : | ശ്രീ ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സുരക്ഷയ്ക്ക് ഇപ്പോൾ എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തിയിട്ടുള്ളത് ; | എ) ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സുരക്ഷയ്ക്കായി അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു സ്റ്റേറ്റ് ഓഫ് ദി ആർട്ട് സുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു. ഡെപ്യൂട്ടി പോലീസ് കമ്മീഷണറുടെ കീഴിൽ ക്ഷേത്ര പരിസരത്ത് മുഴുവൻ സമയവും പ്രവർത്തിക്കുന്ന ഒരു സ്പെഷ്യൽ പോലീസ് കൺട്രോൾ റൂം സ്ഥാപിക്കുകയും 233 പോലീസുദ്യോഗസ്ഥരെ ക്ഷേത്രത്തിനകത്തും പുറത്തുമായി സെക്യൂരിറ്റി ഡ്യൂട്ടിയ്ക്കായി നിയോഗിച്ചിട്ടുമുണ്ട്.<br><br>ക്ഷേത്രത്തിനകവും പുറവും പരിസരവും 24 മണിക്കൂറും നിരീക്ഷിക്കുന്നതിന് CCTV ക്യാമറകളും മറ്റ് നിരീക്ഷണ സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ക്ഷേത്ര സുരക്ഷയ്ക്കായി ഏറ്റവും ആധുനികമായ സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനും തീരുമാനമായിട്ടുണ്ട്. |

ബി) സുരക്ഷയ്ക്ക് കേന്ദ്ര സേനയുടെ ആവശ്യമുണ്ടെന്നു കരുതുന്നുണ്ടോ ഇല്ലെങ്കിൽ ഇതിനുള്ള കാരണമെന്താണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

സി) ഇതു സംബന്ധിച്ച് സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

( ബി) യും (സി) യും

സുരക്ഷയ്ക്ക് കേന്ദ്ര സേനയുടെ ആവശ്യമുണ്ടെന്ന് കരുതുന്നില്ല. സംസ്ഥാന പോലീസിന്റെ വിവിധ വിഭാഗങ്ങളുടെ നിയന്ത്രണത്തിൽ ക്ഷേത്രം ഇതിനോടകം തന്നെ സുരക്ഷാ വലയത്തിലാക്കിയിട്ടുള്ളതാണ്. ഏറ്റവും ആധുനികവും ഫലപ്രദവുമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നു. സംസ്ഥാന ഗവൺമെന്റ് ബഹു. സുപ്രീം കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ ക്രമസമാധാനപാലനം സംസ്ഥാന സർക്കാരിന്റെ ചുമതലയാണെന്നും ക്ഷേത്രത്തിന്റെ സുരക്ഷയ്ക്ക് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടു ത്തുന്നതിനാവശ്യമായ ശേഷിയും അനുഭവസമ്പത്തും സംസ്ഥാന സർക്കാരിനുണ്ടെന്നും വ്യക്തമാക്കിയിരുന്നു. 11295/2011-ാം നമ്പർ എസ്. എൽ. പി. (സിവിൽ) - യിന്മേലുള്ള 22/09/2011- ലെ ഉത്തരവിൽ ബഹു. സുപ്രീം കോടതി, ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സുരക്ഷയ്ക്കുള്ള പദ്ധതി (Security Plan) നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ സജ്ജമാണ് എന്ന കാര്യത്തിൽ സംതൃപ്തി രേഖപ്പെടുത്തുകയും ഇക്കാര്യത്തിൽ കേന്ദ്ര സുരക്ഷാ ഏജൻസികളുടെ സേവനം തേടേണ്ട ആവശ്യമില്ലായെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

ഡി) യാതൊരു വിധ പഴുതുകളും ഇല്ലാതെ സുരക്ഷ ഉറപ്പാക്കുന്നതിന് അത്യാധുനിക സംവിധാനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കുമോ ?

ഡി) അത്യാധുനിക സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ